# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 402

## 24.01.2018 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

| | ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ വരുന്ന പ്രവൃത്തികൾക്ക് എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക വക മാറ്റി ചെലവഴിച്ച് തീർത്തത് ശ്രദ്ധയിൻ പെട്ടിട്ടുണ്ടോ; | കേരള വാട്ടർ അതോറിറ്റിയ്ക്ക് എം.എൽ.എ മാർക്കുള്ള ആസ്തി വികസന ഫണ്ട് ബജറ്റ് വിഹിതമായാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ബജറ്റ് വിഹിതം കേരള വാട്ടർ അതോറിറ്റി വക മാറ്റി ചെലവഴിച്ചിട്ടില്ല. |
| (ബി) | ഈ കാരണം പ്രവൃത്തികൾ പൂർത്തീകരിച്ച കരാറുകാർക്ക് തുക മാറി നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സർക്കാർ ബജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് കരാറുകാർക്ക് ബിൽ തുക നൽകി വരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ ആസ്തി വികസന ഫണ്ട് വക മാറ്റി ചെലവഴിക്കുന്നത് അനുവദനീയമാണോ; അല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ? | ആസ്തി വികസന ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് അനുവദനീയമല്ല. ഇത്തരത്തിൽ വീഴ്ച വന്നിട്ടില്ലാത്തതിനാൽ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ